പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.152 — 22.3.2012 ൽ മറുപടിയ്ക്ക്

വികലാംഗർക്ക് നിയമനം

ചോദ്യം — മറുപടി

ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ് — മുഖ്യ മന്ത്രി

| | |
|---|---|
| (എ) വികലാംഗർക്ക് വിവിധ തസ്തികകളിൽ നിയമനം ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ; | എ) വികലാംഗർക്കായി 1.1.2004 മുതൽ 31.12.2007 വരെ 3% ബാക്ക് ലോഗായി കണ്ടെത്തിയ 1188 ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി പ്രത്യേക റിക്രൂട്ട്മെന്റ് നടത്തുന്നതിന്റെ ഭാഗമായി 5.3.2012 ൽ സെക്രട്ടറിയേറ്റ് ഡർബാർ ഹാളിൽ വച്ച് വിവിധ വകുപ്പ് അദ്ധ്യക്ഷന്മാരുടെ ഏകദിന അദാലത്ത് നടത്തുകയും അപ്രകാരം 1039 വിവിധ തസ്തികകൾ തൽസമയം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി ഉടൻ തന്നെ വിജ്ഞാപനം ചെയ്തു നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത വിഭാഗങ്ങൾക്ക് എത്ര ശതമാനം സംവരണമാണ് നിലവിൽ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) 3% സംവരണമാണ് വികലാംഗർക്ക് അനുവദിച്ചിട്ടുള്ളത്. |
| (സി) വികലാംഗരുടെ നിയമനത്തിനായി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ? | (സി) പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് പി.എസ്.സി യാണ്. പി.എസ്.സി താമസംവിനാ വികലാംഗരുടെ ബാക്ക് ലോഗ് നിയമനം നടത്തുന്നതിനായി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ